# എമ്മാവൂസ് വചനദൂത്

Volume 1 Issue 12 September 05, 2010



സെപ്റ്റംബർ – 5
ഏലിയാക്കാലം
2–ാം ഞായർ
മത്തായി. 13, 1–91

## ഫലം ചുടി നിൽക്കുന്ന മനുഷ്യരാകാൻ

റവ. ഡീ .ജോർജ് ചെറുകാട്ടിക്കാലായിൽ

### 1. പശ്ചാത്തലം.

യേശുവിന്റെ തടാക പ്രസംഗത്തിൽ (Mt: 13,1–3) ദൈവരാജ്യമാണ് പ്രധാന വിഷയം. വി .മത്തായിയുടെ സുവിശേഷം 11–12 അദ്ധ്യായങ്ങളിൽ യേശു തിരസ്കരിക്കപ്പെടുന്നു. എന്തുകൊണ്ടാണ് ഈ തിരസ്കരണം എന്ന ചോദ്യത്തിന് സുവിശേഷകൻ ഉത്തരം നൽകുന്നു. ശ്രോതാക്കളിൽ അധികവും പട്ടണത്തിൽനിന്ന് വന്നുകൂടിയവരായിരുനിനു.(Lk: 8,4)

### 2 സന്ദേശം.

വിതക്കാരന്റെ ഉപമ ദൈവരാജ്യത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു.സ്വർഗ്ഗരാജ്യം അവകാശമാക്കാൻ ഫലം പുറപ്പേടുവിക്കാനുള്ള മാർഗ്ഗം കാതുകൊണ്ട് കേട്ട്, കണ്ണുകൊണ്ട് കണ്ട്, ഹൃദയം കൊണ്ട് മനസ്സിലാക്കി മാനസാന്തരപ്പേടുക.(13–15) ദൈവവചനമാകുന്ന വിത്തുവളരാൻ സാധ്യമാകുന്ന നല്ല വിള ഭൂമിയാകുക. ഫലം ഓരോ വ്യക്തിയുടെയും സ്വതന്ത്രതീരുമാനത്തെ ആശ്രയിച്ചിരിക്കും

വ്യതിയാനങ്ങളെയും പ്രതികീലസാഹചര്യങ്ങളെയും അതിജീവിച്ച് നല്ല നിലം ഒരിക്കപ്പെട്ട നിലം നൂറുമേനി ഫലം പുറപ്പെടുവിക്കുന്നു. വിതക്കാരന്റെ സ്വപ്നം കതിരണിയുന്നു.സുവിശേഷത്തിന്റെ രണ്ടാം ഭാഗത്ത് ഈ ഉപമയ്ക്ക് യേശു വ്യാഖ്യാനം നല്കുന്നു. വിത്ത് ദൈവവചനമാകണ് വിതക്കാരൻ ദൈവവും വിവിധതരം കൃഷിഭൂമി വ്യത്യസ്ഥ ജീവിത മനോഭാവങ്ങൾ വച്ച് പുലർത്തുന്ന മനുഷ്യർ മാത്രം അതുകൊണ്ടാണ് വിതക്കാരന്റെ ഉപമയെ മണ്ണിന്റെ ഉപമഎന്നും പറയുന്നത്. മണ്ണ് എപ്രകാരം ഫലഭൂയിഷ്ഠവും ഒരുക്കപ്പെട്ടതുമാണൊ അതനുസരിച്ച് ഫലം പുറപ്പെടുവിക്കുവാൻ അതിനുസാധിക്കുകയുള്ളു. ഉപമയിലെ നൂറുമേനി വിജയം നമുക്കുള്ള വെല്ലുവിളിയാണ്.പാറപ്പുറത്തു വീണ വിത്തുകളും പറവകൾ കൊത്തിയ വിത്തുകളും മുൾച്ചെടികൾക്കിടയിൽ വീണ വിത്തുകളുമെല്ലാം. നമുക്കുള്ളിലെ സാദ്യശ്യതകളാണ്.



### 3.വചന വ്യാഖ്യാനം : മണ്ണിന്റെ ഉപമ.

ഭുമിയിലെ കഥകൾ പറഞ്ഞ് സ്വർഗ്ഗരാജ്യത്തിന്റെ വിശേഷങ്ങളറിയ്ക്കുന്ന ഈശോയേയാണ് സുവിശേഷങ്ങളിൽ കണ്ടുമുട്ടുന്നത്. വിതക്കാരന്റെ ഉപമ എന്നും, വിളവു നലകലിന്റെഉപമയെന്നും അറിയപ്പെടുന്ന മത്തായി 13:–1–9 ലെ ഉപമ ദൈവരാജ്യത്തെക്കുറിച്ചുള്ള അവതരണമാണ്. ദൈവരാജ്യം അവകാശമാക്കുവാൻ ഫലങ്ങളുള്ളവരാകുവാൻ ഒരുക്കമുള്ളവരാകണമെന്ന് ഇ ഉപമ നമ്മെ അനുസ്മരിപ്പിക്കുന്നു.വിതക്കാരന്റെ ഉപമ മനസ്സിലാക്കുവാൻ പാലസ്തീനായിലെ കൃഷിഭൂമിയുടെയും കൃഷിരീതിയുടെയും പ്രത്യകതകൾ നാം മനസ്സിലാക്കണം. മലയോരപ്രദേശമായ പാലസ്തീനായിലെ ചതുപ്പുപ്രദേശങ്ങളിലാണ് കർഷകർ കൃഷി ഇറക്കിയിരുന്നത്. ആ കൃഷിയിടങ്ങളിൽ തന്നെ മറഞ്ഞുകിടക്കുന്ന പാറകളുമുണ്ട്. കൂടാതെ കൽപ്രദേശങ്ങൾ അങ്ങിങ്ങായി കാണപ്പെട്ടിരുന്നു. ഇവ കർഷകർ നിലമൊരുക്കിയാലും അവയുടെ വിത്തുകൾ നിലത്തുവീഴുന്നു. മണ്ണിൽ പൂണ്ടുകിടക്കുന്ന ഇത്തരം വിത്തുകൾ പക്ഷികൾ കൊത്തിയെടുക്കുന്നത് സാധാരണം. എന്നാൽ ഈ കാലാവസ്ഥ

അലസതയും, അസന്മാര്ഗികതയും നമ്മെ ഭരിക്കുമ്പോൾ ലക്ഷ്യബോധമില്ലാതെ വചനത്തിനെതിരായി ചെവിപൊത്തിയടക്കുമ്പോൾ നാം പാതയൊരത്തുവീണ വിത്തുകളായി തീരുന്നു. വചനം സന്തോഷത്തോടെ ശ്രവിക്കുകയും എന്നാൽ ശ്രവിച്ച വചനത്തിന് വേരിടാൻ കഴിയാത്തവിധം ജിവിത പ്രയാസങ്ങളിൽ തള്ളപ്പെടുമ്പോൾ നാം പാറമേൽ വീണ വിത്തിന് സദൃശ്യമാകുന്നു. ഇനിയും പലവിധ കാരണങ്ങളാൽ വ്യഗ്രചിത്തരായി നെട്ടോട്ടമോടുന്ന ഒരു വിഭാഗമുണ്ട്.ഇവരാണ് മുൾച്ചെടികളുടെ ഇടയിൽ വീണ വിത്ത് എന്നാൽ മല്ല നിലത്തു വീണ വീത്തുകൾ ഫലം നൽകുന്നു.

മണ്ണിനെ ,സ്നേഹിച്ച ഒരു..Micro Biologist ..ആയിരുന്നു ജപ്പാൻകാരനായ ഹുക്കുവോക്ക. മണ്ണിനെ ചൂഷണം ചെയ്യാതെയും രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാതെയും സ്വാഭാവിക മാർഗ്ഗങ്ങളിലൂടെ തനിക്ക് നുറുമേനി വിളവു കൊയ്യാൻ സാധിക്കുമെന്ന ഈ കർഷകൻ വിശ്വസിച്ചു. ജോലി രാജിവച്ച് എട്ട് ഏക്കറോളം വരുന്ന തന്റെ കൃഷിഭുമിയിൽ വിളവിറക്കിയപ്പോൾ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ താക്കീതു നൽകി.

ജോലി രാജിവച്ച് എട്ട് ഏക്കറോളം വരുന്ന തന്റെ കൃഷിഭുമിയിൽ വിളവിറക്കിയപ്പോൾ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ താക്കീതു നൽകി. രാസവളവും കീടനാശിനിയും ഉപയോഗിക്കാതെയുള്ള ഈ കൃഷിരീതി പരാജപ്പെടും പക്ഷെ അ്ദ്ദേഹം പറഞ്ഞു ഭുമി എന്നെ ചതിക്കുകയില്ല. മണ്ണിനോടുള്ള എന്റെ സ്നേഹം തിരിച്ചറിയുമ്പോൾ അത് എനിക്ക് പ്രതിഫലം തരും. അദ്ദേഹത്തിന്റെ സ്വപ്നം ഫലമണിഞ്ഞു. സ്വാഭാവികരീതിയിലുള്ള അദ്ദേഹത്തിന്റെ കാർഷിക പരീക്ഷണങ്ങൾ നുറുമേനി ഫലം നല്കി. സ്വാഭാവികരീതിയുടെ പ്രവാചകൻ എന്ന അദ്ദേഹത്തെ ലോകം വിളിക്കുന്നു.

എന്നാൽ ഇനിയും അധികം മണ്ണിനെയും മനുഷ്യനെയും സ്നേഹിക്കുന്ന നല്ല വിതക്കാരനാണ് നമുക്കുള്ളത്. അവിടുന്ന് ആഗ്രഹിക്കുക നാം ഫലം ചുടി നിൽക്കുന്ന മനുഷ്യരാകണം എന്നാണ്. അതുകൊണ്ടാണ് ദൈവം പറയുക. നിങ്ങളുടെ തരിശു ഭൂമി ഉഴുതുമറിക്കുവിൻ മുള്ളുകൾക്കിടയിൽ വിത്തു വിതയ്ക്കരുത് ദൈവശാത്രജ്ഞനായ ഷർദാൻ പറയുന്നു മനുഷ്യൻ സാധ്യതയുടെ ഭണ്ഡാരമാണ്(The Phenomenonof Man.)ഫലങ്ങൾ നമ്മുടെ തീരുമാനങ്ങളെയും, വീക്ഷണങ്ങളെയും ആശ്രയിക്കന്നു.

### വചനാസ്യതം ജീവിക്കുന്ന വ്യക്തികൾക്കുള്ള 4 ഗുണങ്ങൾ



1. തുറന്നഹൃദയം
2. കേൾക്കാനുള്ള സന്നദ്ധത
3. ഗ്രഹിക്കുന്നു
4. പ്രവൃത്തി

രാത്രി കഴിയാറായി പകൽ സമിപിച്ചിരുക്കുന്നു ആകയാൽ നമ്മുക്കിനി അന്ധകാരത്തിന്റെ പ്രവർത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റ ആയുധം ധരിക്കാം (വി.ആഗസ്റ്റിനെ സ്വാധീനിച്ച വചനം)

എല്ലാം ദൈവമാണ് പ്രവർത്തിക്കുന്നത് എന്നാൽ നമ്മെകൂടാതെ അവിടുന്ന് ഒന്നും പ്രവർത്തിക്കുന്നില്ല

Published & Edited MCBS Emmaus Provincial House Kottayam,
Mob.9446274415, Email: emmausvachanam@gmail.com, Web: www.mcbsemmaus.spaces.live.com